# കേരളസർവകലാശാല

നം.പി.ആർ.187/2022

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2022

### സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതിയ രജിസ്ട്രേഷൻ /ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനും അവസരം

പ്ലസ്ടു സേ പരീക്ഷ എഴുതി വിജയിച്ച വിദ്യാർത്ഥികൾ ഉൾപ്പെടെ നിലവിൽ രജിസ്ട്രഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും ഒന്നാം വർഷ യു.ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് 01.09.2022 മുതൽ 12.09.2022 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

നിലവിൽ രജിസ്ട്രേഷനുള്ള, എല്ലാവർക്കും ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുന്നതിന് 01.09.2022 മുതൽ 12.09.2022 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. പുതിയ ഓപ്ഷനുകൾ ചേർക്കുന്നതിനും റീവാല്യൂവേഷൻ, ഗ്രേസ് മാർക്ക്, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളിൽ മാത്രമേ (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്കും ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും സെപ്റ്റംബർ 12 വരെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ഉപയോഗിച്ച് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികളും പുതിയ ഓപ്ഷനുകൾ നൽകേണ്ടതാണ്. മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ഒന്നും തന്നെ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

പ്രൊഫൈൽ തിരുത്തൽ, വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികളും) ടി തീയതിക്കുള്ളിൽ തന്നെ സ്വയമായി പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ബി.എഡ്. പ്രവേശനം 2022– എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി സെപ്റ്റംബർ 13

എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ് കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 13 വരെ അപേക്ഷിക്കാം. കേന്ദ്രീകൃത അലോട്ടമെന്റിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും (പ്രൊഫൈലിൽ അവകാശപ്പെട്ടിട്ടുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ സർട്ടിഫിക്കറ്റുകളുടേയും പകർപ്പ്) കമ്മ്യൂണിറ്റി ക്വാട്ടയ്ക്കായി അപേക്ഷിക്കുന്ന എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ നേരിട്ടോ ഇമെയിൽ മുഖേനയോ (കമ്മ്യൂണിറ്റി ക്വാട്ട കോളേജുകളുടെ ഇമെയിൽ സർവകലാശാല അഡ്മിഷൻ സൈറ്റിൽ ലഭ്യമാണ്.) സെപ്റ്റംബർ 13 (4 മണിക്ക്) മുൻപായി നൽകേണ്ടതാണ്. വിദ്യാർത്ഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകളിൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. പ്രിന്റൗട്ടിന്റെ പകർപ്പ് സർവ്വകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

## ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022
## സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതിയ രജിസ്ട്രേഷൻ /ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനും സെപ്റ്റംബർ 13 വരെ അവസരം

കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനത്തിനായുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് സെപ്റ്റംബർ 5 മുതൽ 13 വരെ അപേക്ഷിക്കാവുന്നതാണ്. നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. പുതിയ ഓപ്ഷനുകൾ ചേർക്കുന്നതിനും റീവാല്യുവേഷൻ, ഗ്രേസ് മാർക്ക്, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളിൽ മാത്രമേ (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചിട്ടും അഡ്മിഷൻ എടുക്കാതെ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്തായ അപേക്ഷകർക്കും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും സെപ്റ്റംബർ 13 വരെ ആപ്ലിക്കേഷൻ നമ്പർ, പാസ്വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ഉപയോഗിച്ച് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികളും പുതിയ ഓപ്ഷനുകൾ നൽകേണ്ടതാണ്. മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ഒന്നും തന്നെ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

പ്രൊഫൈൽ തിരുത്തൽ, വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികളും) ടി തീയതിക്കുള്ളിൽ തന്നെ സ്വയമായി പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്: https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ജൂലൈയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി ബി.എച്ച്.എം/ബി.എച്ച്.എം.സി.റ്റി )ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 13 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.എ/ എം.എസ്.സി /എം.കോം/ എം.എസ്.ഡബ്ല്യൂ /എം.എം.സി.ജെ/ എം.എ.എച്ച്.ആർ.എം ( റെഗുലർ 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## എം.ബി.എ (ഈവനിംഗ്–റെഗുലർ) അപേക്ഷ

2022 – 23 അധ്യയന വർഷം മുതൽ എം.ബി.എ (ഈവനിംഗ്–റെഗുലർ) പ്രോഗ്രാം ഐ.എം.കെ, കാര്യവട്ടം, എച്ച്.എൽ.എൽ മാനേജ്മെന്റ് അക്കാദമി, കവടിയാർ അഗ്രികൾച്ചറൽ കോ – ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മൺവിള എന്നിവിടങ്ങളിൽ നടക്കും. അപേക്ഷകർക്ക് 1-1-2022–ന് 25 വയസ്സ് പ്രായമുണ്ടായിരിക്കണം, ബിരുദത്തിന് 50% മാർക്കോടെ 3 വർഷത്തെ പ്രവൃത്തിപരിചയം. എല്ലാ അപേക്ഷകർക്കും ഗ്രൂപ്പ് ഡിസ്കഷനും വ്യക്തിഗത അഭിമുഖവും ഉണ്ടായിരിക്കും.ആഴ്ചയിൽ 5 ദിവസത്തേക്ക് 5.30 മണിക്ക് ശേഷമാണ് ക്ലാസ് സമയം. അപേക്ഷയുടെ അവസാന തീയതി 15–09–2022 ആണ്.അപേക്ഷകൾ https://admissions.keralauniversity.ac.in/mba2022/mba_evening/ വഴി ഓൺലൈനായി ഫയൽ ചെയ്യാം. സെപ്തംബർ 17ന് ഗ്രൂപ്പ് ചർച്ചയും അഭിമുഖവും 19ന് ഐ.എം.കെ യിൽ കൗൺസിലിംഗും.

## പ്രവേശനത്തിന്റെ I ഘട്ടത്തിന് ശേഷം (2022–23) ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം IMK യിൽ വീണ്ടും തുറക്കുന്നു:

എംബിഎ (ജനറൽ): എൽ.സി/എസ്.ഐ.യു.സി, എം.ബി.എ (ട്രാവൽ ആൻഡ് ടൂറിസം): ബി.പി.എൽ, എസ്.സി, എസ്.ടി സീറ്റുകൾ. KMAT/CAT/CMAT എന്നിവയിൽ യോഗ്യത നേടിയവർക്ക് അപേക്ഷിക്കാൻ അർഹതയുണ്ട്. ഓൺലൈൻ പോർട്ടലിലൂടെ (https://admissions.keralauniversity.ac.in/mba2022/mba_imk/) പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2022 സെപ്റ്റംബർ 12, 10 pm. സെപ്റ്റംബർ 14–ന് ജി.ഡി.പി.ഐയും പ്രവേശനത്തിനുള്ള കൗൺസലിംഗ് 20–ന് രാവിലെ 10–ന് കാര്യവട്ടം ഐഎംകെയിൽ.

തിരുവനന്തപുരം,
02.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity
website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**